പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എംഎസ്.)നമ്പർ 343/2012/ഡിഎംഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് അതിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്രസർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013-മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എംഎസ്.)നമ്പർ 470/2013/ഡിഎംഡി ഉത്തരവിലും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്ക് ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നിലവിൽ ലഭിക്കുന്ന ധനസഹായത്തുക കൃഷിക്കാർക്ക് ആശ്വാസപ്രദമല്ലെന്നും മുൻ വർഷങ്ങളിൽ നൽകിയിരുന്ന ധനസഹായം പുനഃസ്ഥാപിക്കണമെന്ന ആവശ്യം കർഷകർ ഉന്നയിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

ഹോർട്ടികോർപ്പിലെ ദിവസവേതനക്കാർ

137 (2770) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോർട്ടികോർപ്പിൽ ദിവസവേതനക്കാരായി എത്ര പേർ ജോലി ചെയ്യുന്നുണ്ട്; ഇതിൽ പ്രായപരിധി കഴിഞ്ഞവരും സർവ്വീസ് കൂടുതലുള്ളതുമായ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ദീർഘനാളത്തെ സർവ്വീസ് ഉണ്ടായിരുന്നിട്ടും ഇത്തരം ജീവനക്കാർക്ക് ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ദിവസവേതനക്കാരായ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) സ്ഥിരം ജീവനക്കാരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ മാനേജ്മെന്റും യൂണിയൻ പ്രതിനിധികളും തമ്മിലുണ്ടാക്കിയിട്ടുള്ള ധാരണ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഹോർട്ടികോർപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഹോർട്ടികോർപ്പിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ഹോർട്ടികോർപ്പിൽ പല ജില്ലകളിലായി എത്രപേരെ പുതുതായി നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഹോർട്ടികോർപ്പിൽ ദിവസവേതന ജീവനക്കാരായി 521 ജീവനക്കാർ ജോലി ചെയ്യുന്നു. സർവ്വീസ് കൂടുതലുള്ളതും പ്രായപരിധി കഴിഞ്ഞതുമായ ജീവനക്കാരുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്. 10 വർഷത്തിനുമുകളിൽ സർവ്വീസുള്ള 45 ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ഹോർട്ടികോർപ്പ് സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ സ്പെഷ്യൽ റൂൾ നിലവിൽ ഇല്ലാത്തതിനാൽ പ്രസ്തുത പ്രൊപ്പോസൽ നിരസിക്കുകയുണ്ടായി.

(സി) ഉണ്ട്. പ്രസ്തുത പരാതി പരിശോധിച്ചുവരികയാണ്.

(ഡി) ഇല്ല. സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഹോർട്ടികോർപ്പിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കിയിട്ടില്ല.

(എഫ്) കഴിഞ്ഞ 2 വർഷത്തിനുള്ളിൽ (2013 ജനുവരി മുതൽ 28-2-2015 വരെ) പല ജില്ലകളിലായി 253 പേരെ പുതിയതായി ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാല കൈമാറിയ ഭൂമി

138 (2771) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2011 ജൂൺ മാസംമുതൽ 2015 മേയ് മാസംവരെയുള്ള കാലത്ത് കേരള കാർഷിക സർവ്വകലാശാലയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന എത്ര ഭൂമിയാണ് വിവിധ ആവശ്യങ്ങൾക്കായി മറ്റുവകുപ്പുകൾക്കും ഏജൻസികൾക്കുമായി കൈമാറിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; വിശദാംശങ്ങൾ നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly